"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം-WM3/38/2023-LSGD
തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-03-2023

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - ആരോഗ്യജാഗ്രത - പകർച്ച വ്യാധി പ്രതിരോധയജ്ഞം - മാർഗനിർദ്ദേശങ്ങൾ

സൂചന:- 1.22.02.2022 ലെ 31/ഡിസി1/2022/തസ്വഭവ നമ്പർ സർക്കുലർ
2.31.05.2022 ലെ സ.ഉ (സാധാ) നം. 1346/2022/തസ്വഭവ

പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾവൃത്തിയുള്ള കേരളം - വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംഘടിപ്പിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റേയും, ആരോഗ്യ വകുപ്പിന്റെയും കൂട്ടായ നേതൃത്വത്തിൽ ബന്ധപ്പെട്ട മറ്റു വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ ഏകോപനത്തിൽ ജനകീയ പങ്കാളിത്തത്തോടെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ 'ആരോഗ്യ ജാഗ്രത 2023' സംഘടിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. അശാസ്ത്രീയ മാലിന്യ പരിപാലനം പകർച്ചവ്യാധി വ്യാപനത്തിനും ജലസ്രോതസുകളുടെ മലിനീകരണത്തിനും കാരണമാകുമെന്നതിനാൽ മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങളും, കൊതുകു നിവാരണ പ്രവർത്തനങ്ങളും ഗാർഹികതലം, സ്ഥാപനതലം, പൊതുതലം എന്നിങ്ങനെ മൂന്ന് പ്രവർത്തന മേഖലകളായി തിരിച്ച് നടത്തേണ്ടതാണ്. ഇതനുസരിച്ച് ഗ്രാമപഞ്ചായത്ത്/ നഗരസഭകൾ പ്രീമൺസൂൺ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ചുവടെ പറയും പ്രകാരം നടപ്പിലാക്കേണ്ടതാണ്.

**1. ആസൂത്രണം**

1. 1 വാർഡുതല ആരോഗ്യ ശുചിത്വപോഷണ സമിതികൾ തദ്ദേശസ്വയംഭരണ സ്ഥാപനതല സംഘാടക സമിതികൾ, ജില്ലാതല കോർ കമ്മറ്റികൾ എന്നിവ പുന:സംഘടിപ്പിക്കേണ്ടതാണ്.
1.2 വാർഡുതലത്തിൽ 50 വീടുകൾ ഉൾപ്പെടുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ച് ക്ലസ്റ്ററടിസ്ഥാനത്തിൽ മാലിന്യ കൂനകൾ, വെള്ളക്കെട്ടുകൾ, കൊതുകിന്റെ മറ്റ് പ്രജനന കേന്ദ്രങ്ങൾ ഇവ കണ്ടെത്തി, ആരോഗ്യ വകുപ്പിന്റെ ഫീൽഡ് ജീവനക്കാർ കണ്ടെത്തുന്ന ഹോട്ട്സ്പോട്ടുകൾ ഉൾപ്പെടെ ശുചീകരിക്കുന്നതിനുള്ള കർമ്മ പരിപാടി ആസൂത്രണം ചെയ്യുക.
1. 3 വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന്റെ ഭാഗമായി വൃത്തിയാക്കാൻ നിശ്ചയിച്ചിട്ടുള്ള ചെറുയിടങ്ങൾ, മാലിന്യകൂനകൾ, കവലകൾ/ചെറുപട്ടണങ്ങൾ, പൊതുയിടങ്ങൾ,

അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ, വ്യാപാരകേന്ദ്രങ്ങൾ/ഷോപ്പിംഗ് കോംപ്ലക്സുകൾ, ചന്തകൾ, കമ്മ്യൂണിറ്റി ഹാൾ/ വിവാഹ മണ്ഡപങ്ങൾ, ഓഫീസ് കോംപ്ലക്സുകൾ തുടങ്ങിയ കേന്ദ്രങ്ങൾ വൃത്തിയാക്കി വലിച്ചെറിയൽ മുക്ത ഇടങ്ങളും പ്രദേശങ്ങളുമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തന പരിപാടി മഴക്കാല പൂർവ്വ ശുചീകരണ കർമ്മപരിപാടിയുടെ ഭാഗമായി നടപ്പിലാക്കേണ്ടതാണ്.

1 . 4 മൈക്രോലെവൽ (ക്ലസ്റ്റർ/വാർഡുതല) കർമ്മപരിപാടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഏകോപിപ്പിച്ച്തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അംഗീകാരം നേടണം.

1 . 5 നഗരസഭ/ഗ്രാമപഞ്ചായത്ത് തലങ്ങളിലെ പ്രസിഡന്റ്/ചെയർമാൻ/ മേയർമാരുടെ അധ്യക്ഷതയിലും അതാത് മെഡിക്കൽ ഓഫീസർമാർ കൺവീനറായും ഉള്ള ആരോഗ്യ ജാഗ്രതാ സമിതികളുടെയും ഇന്റർസെക്ടറൽ സമിതികളുടേയും നേതൃത്വത്തിൽ കർമ്മപദ്ധതി ആസൂത്രണവും നിർവ്വഹണവും നടപ്പിലാക്കേണ്ടതാണ്.

1. 6 ജില്ലാകളക്ടർ ചെയർമാനും ജില്ലാ മെഡിക്കൽ ഓഫീസർ വൈസ് ചെയർമാനും, നവകേരളം കർമ്മപദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ കോർഡിനേറ്ററും, ശുചിത്വമിഷൻ ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറുമായി ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരടങ്ങുന്ന കോർകമ്മറ്റിയും ജില്ലാതലത്തിൽ രൂപീകരിക്കണം

1.7 ജില്ലാകളക്ടർമാരുടെ അധ്യക്ഷതയിൽ ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗങ്ങൾ സംഘടിപ്പിക്കുകയും ഉത്തരവാദിത്വങ്ങൾ നൽകുകയും വേണം

**2. കർമ്മപദ്ധതി തയ്യാറാക്കൽ**

2.1 ആരോഗ്യ ജാഗ്രതാ ക്യാമ്പയിനിന്റെ കർമ്മ പരിപാടി ആവിഷ്കരിക്കുന്നതിനും, അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ജില്ലാ, ഗ്രാമപഞ്ചായത്ത്/നഗരസഭാതല/വാർഡുതല ശില്പശാലകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ തദ്ദേശസ്വയംഭരണ വകുപ്പിലേയും ആരോഗ്യ വകുപ്പിലേയും ബന്ധപ്പെട്ട മിഷനുകളിലേയും അനുബന്ധ വകുപ്പുകളിലേയും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുക്കേണ്ടതാണ്. വിവിധ തലങ്ങളിലെ പ്രവർത്തനത്തിനും നിർവ്വഹണത്തിനും ചുവടെ ചേർക്കും പ്രകാരമുള്ള കമ്മറ്റികൾ രൂപീകരിക്കുകയും പ്രവർത്തനപരിപാടികൾ സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

| ക്രമനം | തലം | പങ്കെടുക്കേണ്ടവർ | അവതരണം | സംഘാടന ചുമതല |
|---|---|---|---|---|
| 1. | ജില്ലാതലം | ജില്ലാ മേധാവികൾ - ആരോഗ്യ വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ, ആർദ്രം മിഷൻ, നഗരകാര്യം, പഞ്ചായത്ത്, വിദ്യാഭ്യാസം, കൃഷി, സാമൂഹ്യനീതി, മൃഗസംര ക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പോലീസ്, ഇറിഗേഷൻ, ജലവിഭവം/ജല അതോറിറ്റി, തൊഴിൽ, ഫിഷറീസ് വകുപ്പ്, ശുചിത്വമിഷൻ, കുടുംബശ്രീ മിഷൻ, ഹരിതകേരളം മിഷൻ, ക്ലീൻ കേരള കമ്പനി - പ്രസ്തുത വകുപ്പുകളുടെ ജില്ലാതല ഉദ്യോഗ സ്ഥർ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി | ജില്ലാ മെഡിക്കൽ ഓഫീസർ | ജില്ലാ ശുചിത്വമിഷൻ കോ-ഓർഡിനേറ്റർ |

| | | | | |
|---|---|---|---|---|
| | | ചെയർമാൻമാർ, സെക്രട്ടറിമാർ | | |
| 2 | തദ്ദേശ സ്വയംഭരണ സ്ഥാപനതലം | തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ അദ്ധ്യക്ഷർ, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയ ർമാൻമാർ, സെക്രട്ടറിമാർ, ആരോഗ്യ-ശുചിത്വ-പോഷക സമിതി ചെയർമാൻമാർ, കൺവീനർമാർ, അംഗങ്ങൾ, ഹെല്ത്ത് സൂപ്പര് വൈസര്, മെഡിക്കൽ ഓഫീസർമ ാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, അനുബന്ധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ, ഹരിതകേരളം, ശുചിത്വമിഷൻ റിസോഴ്സ് പേഴ്സൺമാർ, കുടുംബശ്രീ സിഡിഎസ് പ്രതിനിധികൾ, സന്നദ്ധസേന വോളന്റിയേഴ്സ്, ഹരിത സഹായ സ്ഥാപന പ്രതിനിധികൾ. | മെഡിക്കൽ ഓഫീസർ | തദ്ദേശസ്വയംഭരണ സ്ഥാപന സ െക്രട്ടറി |
| 3 | വാർഡുതല ശുചിത്വ ാരോഗ്യ കമ്മിറ്റിയും ശുചിത്വ സ്ക്വാഡ് അംഗങ്ങളും | വാർഡുതല ശുചിത്വാരോഗ്യ കമ്മിറ്റി അംഗങ്ങൾ ശുചിത്വ സ്ക്വാഡ് അംഗങ്ങൾ, ഹരിതകർമ്മ സേന, സന്നദ്ധ സംഘടനകൾ, റസിഡന്റ് വെൽഫെയർ അസോസിയേഷനുകൾ, വ്യാപാരി വ്യവസായികൾ, ഓഡിറ്റോറിയം-റസ്റ്റാറന്റ് ഉടമകൾ, കുടുംബശ്രീ എ.ഡി.എസ് ഭാരവാഹികൾ, അയൽക്കൂട്ട ഭാരവാഹികൾ | ഹെൽത്ത് ഇൻസ്പെക്ടർ | തദ്ദേശസ്വയംഭരണ സ്ഥാപന സ െക്രട്ടറി |

2 . 2 മേൽക്രമ പ്രകാരം കമ്മറ്റികൾ രൂപീകരിക്കേണ്ടതും സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള ഓറിയന്റേഷൻ നടത്തി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലേയും വാർഡുതലത്തിലേയും കർമ്മപദ്ധതികൾ തയ്യാറാക്കേണ്ടതുമാണ്.

2 . 3 തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിന് പുറത്ത് വരുന്ന റെയിൽവേ, നാഷണൽ ഹൈവേ, പൊതുമരാമത്ത്, ജലസേചനം, വനം തുടങ്ങിയ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപ ഇടങ്ങൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് സ്വീകരിക്കേണ്ടതാണ്.

**3. അവലോകനം**

3 . 1 ജില്ലയിലെ പ്രവർത്തനങ്ങളാകെ ജില്ലാചുമതലയുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നതായിരിക്കും

3.2 മഴക്കാല പൂർവ്വ ശുചീകരണവും, വൃത്തിയുള്ള കേരളം – വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിൻ പരിപാടിയും ഉൾപ്പെടെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ രണ്ടാഴ്ചയിലൊരിക്കൽ ജോയിന്റ് ഡയറക്ടർമാരെ അവലോകനം ചെയ്യണം. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മാസത്തിലൊരിക്കൽ ജോയിന്റ് ഡയറക്ടർമാരേയും വകുപ്പ് ഡയറക്ടറന്മാരുടേയും അവലോകനം നടത്തുന്നതാണ്.

3 . 3 ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഉണ്ടാകാവുന്ന ഖരമാലിന്യത്തിന്റെ അളവിന്റെ

അടിസ്ഥാനത്തിൽ MCFലും കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ്/ബയോഗ്യാസ്യൂണിറ്റുകളിൽ എത്തുകയും സംസ്കരിക്കപ്പെടുകയും ചെയ്യുന്ന മാലിന്യത്തിന്റെ അളവ് അടിസ്ഥാനപ്പെടുത്തി വേണം പ്രിൻസിപ്പൽ ഡയറക്ടറുടേയും, ജില്ലാ ഏകോപന സമിതിയുടെ നേതൃത്വത്തിൽ ജോയിന്റ് ഡയറക്ടറും അവലോകനം നടത്തേണ്ടത്.

3.4 FSTP നിർമ്മാണ പ്രവർത്തന പുരോഗതി മഴക്കാല പൂർവ്വ ശുചീകരണ ക്യാമ്പയിന്റെ ഭാഗമായി ആഴ്ചതോറും പ്രിൻസിപ്പൽ ഡയറക്ടറും, രണ്ടാഴ്ചയിലൊരിക്കൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും അവലോകനം ചെയ്യുന്നതാണ്.

3.5 തദ്ദേശ സ്ഥാപനതല അവലോകനം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്റെ നേതൃത്വത്തിൽ ആഴ്ചതോറും, പ്രസിഡന്റ്/ചെയർമാൻ/മേയർ ടെ നേതൃത്വത്തിൽ രണ്ടാഴ്ചയിലൊരിക്കലും, മാസത്തിലൊരിക്കൽ ഭരണസമിതി/കൗൺസിന്റേയും നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇതിനാവശ്യമായ റിപ്പോർട്ട് നോഡൽ ഓഫീസർ തയ്യാറാക്കി ലഭ്യമാക്കണം.

**4. പങ്കാളിത്തം**

4.1 കുടുംബശ്രീ എ.ഡി.എസ്, സി.ഡി.എസ് അംഗങ്ങൾ, ആശാ പ്രവർത്തകർ, ഹരിതകർമ്മസേന, റെസിഡൻസ് വെൽഫെയർ അസോസിയേഷനുകൾ, എൻ.ജി.ഒ കൾ, എൻ.എസ്.എസ്, എൻ.സി.സി, ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, എസ്.പി.സി, യുവജനസംഘടനകൾ, യൂത്ത് ക്ലബുകൾ, വ്യാപാരി വ്യവസായികൾ, സന്നദ്ധ സാംസ്കാരിക സംഘടനകൾ, പഞ്ചായത്ത്/നഗരസഭകളിൽ നിന്ന് രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സേനകൾ തുടങ്ങിയ വിവിധ വിഭാഗംജനങ്ങളുടേയും സംഘടനകളുടേയും സ്ഥാപനങ്ങളുടേയും പങ്കാളിത്തം ശുചീകരണത്തിനും, മാലിന്യമുക്ത പ്രദേശങ്ങൾ സൃഷ്ടിക്കുന്നതിനും പ്രയോജനപ്പെടുത്തണം. ഇത്തരം ജനകീയ കൂട്ടായ്മകളുടെ നേതൃത്വത്തിൽശുചീകരിക്കപ്പെട്ട സ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും,തുടർ പരിപാലനത്തിനും, ജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4.2 സന്നദ്ധ സേനാംഗങ്ങൾ, വാതിൽപ്പടി സേവന വോളന്റിയേഴ്സിന്റെ സേവനം ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി ശേഖരിക്കേണ്ടതാണ്.

4.3 ആരോഗ്യ വകുപ്പ് ഫീൽഡ് ജീവനക്കാർ, ആശ പ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ എന്നിവർ ഗൃഹ സന്ദർശനവും സ്ഥാപനസന്ദർശനവും നടത്തുന്ന വേളയിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനം നിലവിലില്ലാത്ത വീടുകളുടേയും സ്ഥാപനങ്ങളുടേയും വിവരം രേഖാമൂലം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതാണ്.

**5. മാലിന്യ പരിപാലനം**

5.1 മുഴുവൻ വീടുകളിലും/സ്ഥാപനങ്ങളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള ക്രമീകരണവും അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിച്ച് വാതിൽപ്പടി ശേഖരണവും ഉറപ്പാക്കൽ

5.2 ആരോഗ്യ സുരക്ഷയ്ക്കും പരിസ്ഥിതിയ്ക്കും ദോഷം ചെയ്യുന്ന തരത്തിൽ മാലിന്യം വലിച്ചെറിയുക,

കത്തിയ്ക്കുക, നിക്ഷേപിക്കുക, ഒഴുക്കി വിടുക എന്നിവ ചെയ്യുന്നവർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ചും തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി പ്രകാരവും കർശന നിയമനടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കൽ

5.3 പൊതു പരിപാടികളിലും ആഘോഷങ്ങളിലും ഉത്സവങ്ങളിലും ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കി കൊണ്ട് പൊതുയിടങ്ങളിലേക്ക് മാലിന്യം വരുന്നത് തടയുക.

5.4 ഹരിതകർമ്മസേനയെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് വീട്ടുവീടാന്തരവും സ്ഥാപനങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങളും വാതിൽപ്പടി ശേഖരണവും, തരംതിരിക്കലും ഉറപ്പാക്കൽ

5.5 ഇതിനായി ഹരിതകേരളം മിഷനും, ശുചിത്വമിഷനും, ആരോഗ്യവകുപ്പും പ്രസിദ്ധീകരിച്ചിട്ടുള്ള കുറിപ്പുകളും പുസ്തകങ്ങളും പ്രയോജനപ്പെടുത്താവുന്നതാണ്.

5.6 ക്ലീൻ കേരള കമ്പനിയുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിച്ച് പരമാവധി പാഴ്വസ്തുക്കളും, പഴയ ഫർണ്ണീച്ചറുകളും, ഇ-മാലിന്യങ്ങളും തരംതിരിച്ച് നീക്കം ചെയ്യൽ

5.7 ഉറവിട മാലിന്യ സംസ്കരണത്തിന്റെ ആവശ്യകത സംബന്ധിച്ചും അതിനുള്ള മാതൃകകളെ സംബന്ധിച്ചും പൊതുജനങ്ങളിൽ അവബോധം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതോടൊപ്പം, ഹരിതകർമ്മസേനയുടെ ഭവന സന്ദർശനത്തോടൊപ്പം ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ ഫലപ്രദമായി ഉപയോഗിക്കുന്ന ഭവനങ്ങളേയും സ്ഥാപനങ്ങളേയും ലിസ്റ്റ് ചെയ്യാവുന്നതാണ്. പുതിയതായി ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ ഉപയോഗിക്കാൻ താത്പര്യമുള്ളവരുടേയും ലിസ്റ്റും തയ്യാറാക്കാവുന്നതും ഇത് പിന്നീട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ വേളയിൽ പ്രയോജനപ്പെടുത്താവുന്നതുമാണ്.

5.8 മാലിന്യം തരംതിരിക്കൽ സംബന്ധിച്ച പ്രചരണ പ്രവർത്തനങ്ങൾ

5.9 ഹരിത കർമ്മ സേനാംഗങ്ങളെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പൊതു ബോധവൽക്കരണ പരിപാടികളിൽ റിസോഴ്സ് പേഴ്സൺ ആയി പ്രയോജനപ്പെടുത്തേണ്ടതാണ്.

5.10 മഴക്കാല പൂർവ്വ ശുചീകരണത്തിന് ഓരോ വകുപ്പിലുമുള്ള ഫണ്ടിന്റെ ലഭ്യത ജില്ലാ കളക്ടർ ഉറപ്പാക്കേണ്ടതാണ്. വലിയ രീതിയിൽ ഇടപെടേണ്ട സ്ഥലങ്ങൾ കണ്ടെത്തി ജില്ലാ തലത്തിൽ പ്രത്യേക ഇടപെടലിന് കൂടി ജില്ലാ കളക്ടർ നടപടി സ്വീകരിക്കണം.

**6. കൊതുക നിവാരണം**

6.1 വീടുകളിൽ എല്ലാ ഞായറാഴ്ചകളിലും, സ്ഥാപനങ്ങൾ /തൊഴിലിടങ്ങളിൽ എല്ലാ വെള്ളിയാഴ്ചകളിലും കർശനമായി ഡ്രൈ ഡേ ആചരിക്കുന്നുവെന്ന് ഉറപ്പാക്കുക.

6.2 വെള്ളം കെട്ടികിടക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ കൊതുകുകളുടെ ഉറവിട നിർമ്മാർജ്ജനം നടത്തൽ

6.3 ഓടകൾ, കാനകൾ എന്നിവ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ

6.4 വീടുകൾ/സ്ഥാപനങ്ങൾ/പൊതുയിടങ്ങൾ സന്ദർശിച്ച് കൊതുക് മുട്ടയിട്ട് വളരുന്നതിനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ

6.5 ജലസ്രോതസുകളുടെ ക്ലോറിനേഷൻ നടപടികൾ

6.6 പൊതുസ്ഥലങ്ങൾ, തോട്ടങ്ങൾ, നിർമ്മാണ സ്ഥലങ്ങൾ തുടങ്ങിയയിടങ്ങളിൽ കൊതുകുകളുടെ ഉറവിട നിർമ്മാർജ്ജനം.

**7. ജലസ്രോതസുകളുടെ ശുചീകരണം**

7 . 1 തെളിനീരൊഴുകും നവകേരളം — ക്യാമ്പയിന്റെ തുടർച്ചയായി ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം

7 . 2 ശുചിമുറികൾ, വാഷ്ബേസിനുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള മലിനജലം കെട്ടിക്കിടക്കുന്നില്ല എന്നുറപ്പ് വരുത്തേണ്ടതും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് സോക്കേജ് പിറ്റ്കൾ നിർമ്മിക്കേണ്ടതുമാണ്.

7 . 3 പഞ്ചായത്ത്/നഗരസഭ - മലിനപ്പെട്ടു കിടക്കുന്ന നീർച്ചാലുകൾ/ തോടുകൾ/ കുളങ്ങൾ എന്നീ ശുചീകരിക്കേണ്ടവയുടെ പട്ടിക തയ്യാറാക്കുക

7.4 ഓരോന്നിന്റേയും ശുചീകരണ പ്രവർത്തനത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കണം

7 . 5 നീർച്ചാലുകളിൽ ഇറങ്ങുന്നവർക്ക് ഗ്ലൗസ്, ബൂട്ട്, മാസ്ക് പോലെയുള്ള സുരക്ഷാ സംവിധാനങ്ങൾ ഉറപ്പാക്കണം.

7 . 6 നീർച്ചാലുകളിൽ ഇറങ്ങുന്നതിന് മുമ്പ് സന്നദ്ധ പ്രവർത്തകർക്കും തൊഴിലാളികൾക്കും എലിപ്പനി പോലെയുള്ള രോഗങ്ങൾ വരാതിരിക്കാനുള്ള പ്രതിരോധ നടപടികൾ പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട് ഉറപ്പാക്കണം

7 . 7 ഈ പ്രവർത്തനങ്ങൾ നടത്തുമ്പോൾ മാലിന്യ പരിപാലനത്തിന്റെ കാര്യത്തിൽ വലിയ ശ്രദ്ധ വേണം. നീർച്ചാൽ പുനരുജ്ജീവനത്തിന്റെ ഭാഗമായി ലഭിക്കുന്ന അജൈവ മാലിന്യങ്ങൾ പരമാവധി തരംതിരിച്ച് ശേഖരിക്കുകയും, പുന:ചംക്രമണ സാധ്യമായ പാഴ്വസ്തുക്കൾ ഹരിതകർമ്മസേന വഴി പുന:ചംക്രമണ ഏജൻസിയ്ക്ക് നൽകുകയും ചെയ്യണം.

7.8 ജൈവമാലിന്യങ്ങൾ സുരക്ഷിതമായി കമ്പോസ്റ്റ് ചെയ്യണം

7.9 കൂടികലർന്ന (ജൈവം+അജൈവം) വേസ്റ്റുകൾ നീർച്ചാലുകളിൽ നിന്നും എടുത്ത ശേഷം ഏതാനം ദിവസം നന്നായി വെയിൽ കിട്ടുന്ന സ്ഥലത്ത് ഉണക്കി ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടി സ്വീകരിക്കണം.

7 . 10 പുന: ചംക്രമണ സാധ്യമല്ലാത്ത മാലിന്യങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സംസ്കരണ ഫീസ് നൽകി ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറണം

7 . 11 നീർച്ചാലിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണും ചെളിയും ഒരു കാരണവശാലും അവയിലേയ്ക്ക് തിരിച്ചെത്തുന്നില്ല എന്ന് ഉറപ്പാക്കികൊണ്ട് ബണ്ടുകൾ ബലപ്പെടുത്തുന്നതിനായി ഉപയോഗിക്കാം. കൃഷിക്കായി ഉപയോഗിക്കാം (എന്നാൽ ഇതിന്റെ ഭാഗമായി വയലുകളും തണ്ണീർത്തടങ്ങളും നികത്തപ്പെടാൻ ഇടവരരുത്)

7.12 ജലാശയത്തിൽ മാലിന്യ നിക്ഷേപം നടത്തുന്നവരെ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കൽ. ആയത് മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കൽ

7.13 മാലിന്യം നീക്കി ജലസ്രോതസുകളിലെ നീരൊഴുക്ക് സുഗമമാക്കൽ

7.14 ജലസ്രോതസുകളിലേയ്ക്ക് തുറന്നിട്ടുള്ള മലിനജലക്കുഴലുകൾ കണ്ടെത്തി അവ അടയ്ക്കൽ

7 . 15 മലിനജലം പുറത്തേയ്ക്ക് ഒഴുക്കുന്ന സ്ഥാപനങ്ങളേയും വീടുകളേയും കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കണം

7.16 ശുചീകരണവുമായി ബന്ധപ്പെട്ട ചെറിയ പ്രവൃത്തികളിൽ പൊതുമരാമത്ത് പണിയുടെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുന്നവ അങ്ങനെ ഉൾപ്പെടുത്തുകയും ആസ്തികൾ ജിയോ ടാഗ് ചെയ്യുകയും വേണം.

**8. അജൈവ പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കൽ**

8.1 മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയിൽ ശേഖരിച്ചിരിക്കുന്ന അജൈവ പാഴ്വസ്തുക്കൾ ഇൻവെന്ററൈസേഷൻ നടത്തി സമയബന്ധിതമായി അവ നീക്കം ചെയ്യുന്നതിന് ജില്ലാ ഏകോപന സമിതിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിക്കുക.

8 . 2 പൊതുശുചീകരണത്തിന്റെ ഭാഗമായി സമാഹരിക്കുന്ന അജൈവപാഴ്വസ്തുക്കൾ തരംതിരിച്ച് കൈമാറുന്നതിനുള്ള പ്രവർത്തന പരിപാടി അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുക.

8 . 3 ക്ലീൻ കേരള കമ്പനിയുടെ കലണ്ടർ പ്രകാരം എല്ലാ മാസവും പാഴ്വസ്തുക്കൾ വീടുകളിലും സ്ഥാപനങ്ങളിലും നിന്ന് ശേഖരിക്കുന്നതിന് നടപടി സ്വീകരിക്കൽ

8.4 ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനിയുടെ മാർഗ്ഗരേഖ പ്രകാരം തരംതിരിക്കൽ ക്രമീകരിക്കുകയും കൂടികലർന്ന മാലിന്യം കൈമാറുന്ന സ്ഥിതി ഒഴിവാക്കുകയും വേണം

8 . 5 പ്രത്യേക ശേഖരണ ഡ്രൈവ് സംഘടിപ്പിച്ച് ഇ-മാലിന്യങ്ങൾ ശേഖരിച്ച് ക്ലീൻകേരള കമ്പനി ലിമിറ്റഡിന് കൈമാറേണ്ടതാണ്

8.6 മിനി എം.സി.എഫ്, എം.സി.എഫ്, ആർ.ആർ.എഫ് എന്നിവിടങ്ങളിൽ ശേഖരിക്കുന്ന മാലിന്യം യഥാസമയം കൈയൊഴിയുന്നതിനായി ക്ലീൻ കേരള കമ്പനി/ സ്വകാര്യ ഏജൻസികൾ എന്നിവയുമായി കൃത്യമായ കരാർ വച്ച് നടപടി സ്വീകരിക്കുക.

8.7 സർക്കാർ ഓഫീസുകൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവിട ങ്ങളിൽ നിന്നും തരംതിരിച്ച പാഴ്വസ്തുക്കൾ, ഇ-മാലിന്യങ്ങൾ എന്നിവ ക്ലീൻ കേരള കമ്പനി വഴി കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കുക.

**9. സാമൂഹ്യ വിലയിരുത്തൽ നടപടി**

9.1 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി തദ്ദേശസ്ഥാപനത്തിന് റിപ്പോർട്ട് ചെയ്യുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും റിപ്പോർട്ടിംഗ് കമ്മറ്റി രൂപീകരിക്കൽ, കമ്മറ്റിയിൽ എൻ.എസ്.എസ്, എൻ.സി.സി, എസ്.പി.സി എന്നിവയുടെ ചുമതലയുള്ള സ്കൂൾ/കോളേജ് അധ്യാപകർ, എൻ.സി.സി/എസ്.പി.സി കേഡറ്റുകൾ, സന്നദ്ധ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, യൂത്ത് വോളണ്ടിയർമാർ എന്നിവരെ ഉൾപ്പെടുത്തണം. 5 മുതൽ 10 വരെ പ്രതിനിധികൾ ഉൾപ്പെടുന്ന വിധത്തിൽ സമിതികൾ രൂപീകരിക്കണം. ഈ കമ്മറ്റിയ്ക്ക് ഒരു സന്നദ്ധ പ്രവർത്തകനെ കൺവീനറായി നിയോഗിക്കണം. സ്വതന്ത്രമായി വിലയിരുത്തൽ നടത്തി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന് നൽകേണ്ടതാണ്.

**10. വിവര വിജ്ഞാന വ്യാപനം**

10.1 മാലിന്യം വലിച്ചെറിഞ്ഞ് രോഗം വാങ്ങരുതേ എന്ന സന്ദേശവും ചിട്ടയായ മാലിന്യ സംസ്കരണത്തിലൂടെ ജലജന്യരോഗങ്ങളേയും, പ്രാണി-ജന്തുജന്യ രോഗങ്ങളും പ്രതിരോധിക്കാമെന്ന വസ്തുത ഓരോ വ്യക്തിയിലും എത്തിക്കുന്നതിന് അനുയോജ്യമായ വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി ഹരിത കേരളം മിഷനും ശുചിത്വ മിഷനും ആരോഗ്യ വകുപ്പും പ്രസിദ്ധീകരിച്ചിട്ടുള്ള കുറിപ്പുകളും പുസ്തകങ്ങളും പ്രയോജന പ്പെടുത്താവുന്നതാണ്.

10.2 'മഴയെത്തും മുമ്പേ, മനുഷ്യ ഡ്രോണുകൾ' എന്ന പേരിലുള്ള മഴക്കാലപൂർവ്വ ജനകീയ ഓഡിറ്റ്. മഴക്കാലത്തിന് മുമ്പ് നിർബന്ധമായും വൃത്തിയാക്കേണ്ടയിടങ്ങൾ/ പരിഹരിക്കേണ്ട മാലിന്യ പ്രശ്നങ്ങൾ

എന്നിവ ശുചിത്വ മിഷന്റെ സോഷ്യൽ മീഡിയ പേജിൽ ഫോട്ടോയെടുത്ത് പോസ്റ്റ് ചെയ്യാവുന്നതാണ്. ഓരോ പോസ്റ്റും പ്രത്യക്ഷപ്പെടുന്ന ദിവസം മുതൽ ആ പ്രശ്നം പരിഹരിക്കുന്നതുവരെയുള്ള ദിവസങ്ങൾ പൊതുജനങ്ങൾക്കുൾപ്പടെ കൗണ്ട് ഡൗണായികാണാൻ സാധിക്കും വിധം ലഭ്യമായിരിക്കും. സമയബന്ധിതമായി പ്രശ്നം പരിഹരിച്ച് പരിഹാരത്തിന്റെ ചിത്രവും ആദ്യ ചിത്രവും ചേർത്തുള്ള വ്യത്യാസത്തിന്റെ ആപേക്ഷിക ചിത്രം (റിസൾട്ട്) മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ പ്രസ്തുത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോഗ്രസ്സ് റിപ്പോർട്ടായി പരിഗണിക്കുന്നതാണ്.

### 11. പ്രവർത്തന കലണ്ടർ

| ക്രമ നം | പ്രവർത്തനങ്ങൾ | സമയപരിധി |
|---|---|---|
| 1 | പരിശീലന പരിപാടികൾ | മാർച്ച് 30 നകം |
| 2. | ചെറുമാലിന്യ കൂനകൾ നീക്കം ചെയ്യൽ, പാതയോരങ്ങൾ/പൊതുയിടങ്ങൾ വൃത്തിയാക്കൽ | ഏപ്രിൽ 7 — 10 നകം |
| 3. | സ്ഥാപനങ്ങളിലെ കൊതുകിന്റെ ഉറവിടം നശിപ്പിക്കൽ, “വൃത്തിയുള്ള സ്ഥാപനങ്ങൾ” — ക്യാമ്പയിനായി സംഘടിപ്പിക്കണം | ഏപ്രിൽ 7-10 നകം |
| 4 | കച്ചവട സ്ഥാപനങ്ങൾ, ചന്തകൾ, ജനങ്ങൾ തിങ്ങിക്കൂടുന്നയിടങ്ങൾ, തോട്ടങ്ങൾഎന്നിവിടങ്ങളിൽ കൊതുകിന്റെ ഉറവിട നശീകരണം | ഏപ്രിൽ 30 നകം |
| 5. | ജലാശയങ്ങൾ വൃത്തിയാക്കൽ, വെള്ളക്കെട്ടുകൾ ഒഴിവാക്കൽ | ഏപ്രിൽ 30 നകം |
| 6 | വാർഡിനെ പൂർണ്ണമായും വൃത്തിയാക്കൽ (പൊതുശുചീകരണം) | ഏപ്രിൽ 30 നകം |
| 7. | വലിച്ചെറിയൽ മുക്ത പ്രദേശങ്ങൾ - പ്രഖ്യാപനം | മെയ് 15മുതൽ |
| 8. | വലിച്ചെറിയൽ മുക്ത വാർഡുകളുടെ പ്രഖ്യാപനം | മെയ് 20മുതൽ |

11.1 തുടർപ്രവർത്തനമായി പാതയോരങ്ങളിലും, കവലകളിലും വരുന്ന പാഴ്വസ്തുക്കൾ അതാത് ദിവസം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് ചുമതല നൽകണം. ഒപ്പം പൊതുനിരത്തിലേയ്ക്ക് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

11. 2 പൊതുനിരത്തുകളിൽ നിന്നും മാലിന്യം നീക്കം ചെയ്യുന്നതിന് ഹരിതകർമ്മസേനയ്ക്ക് പ്രത്യേക സേവന ഫീസ് തദ്ദേശസ്വയംഭരണ സ്ഥാപനം നൽകേണ്ടതാണ്.

### 12. നിയമ നടപടി

12.1 പൊതുയിടങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിനും ശാസ്ത്രീയ മാലിന്യ സംസ്കരണ ഉറപ്പാക്കുന്നതിനും

കർശനമായ നിയമ നടപടി അനിവാര്യമാണ്. തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് /നഗരസഭകളിൽ പ്രത്യേക ക്രമീകരണം ഉണ്ടാക്കേണ്ടതാണ്.

12.2 നിയമനടപി സംബന്ധിച്ചുള്ള പ്രതിദിന റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

12.3 സ.ഉ (സാധാ) 2566/2022/തസ്വഭവ തീയതി 22.10.2022 ഉത്തരവ് പ്രകാരം നിയോഗിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് ടീമിന്റെ പ്രവർത്തനം ഏപ്രിൽ മാസം മുതൽ ആരംഭിക്കുമെന്ന് ഉറപ്പാക്കേണ്ടതാണ്.

12.4 നിയമ നടപടി സംബന്ധിച്ച പുരോഗതി തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ/അർബൻ) ഡയറക്ടർമാർ പ്രത്യേക റിവ്യൂ നടത്തി റിപ്പോർട്ട് 2 ആഴ്ചയിലൊരിക്കൽ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

**13. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കുള്ള പൊതു നിർദ്ദേശങ്ങൾ**

13.1 സർക്കാർ നിർദ്ദേശങ്ങളനുസരിച്ച്, വാർഡ്തല പകർച്ചവ്യാധി പ്രതിരോധ ശുചിത്വ പ്രവർത്തനങ്ങൾ കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട പഞ്ചായത്ത്/ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

13.2 ആയതിന്റെ പരിപൂർണ്ണ ഔദ്യോഗിക ഉത്തരവാദിത്വവും സെക്രട്ടറിമാർക്കായിരിക്കും

13.3 മഴക്കാല പൂർവ്വ ശുചീകരണം, വൃത്തിയുള്ള കേരളം – വലിച്ചെറിയൽ മുക്ത കേരളം എന്നീ പ്രവർത്തനങ്ങളുടെ നിർവ്വഹണ ചുമതലയ്ക്കായി ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിക്കണം.

13.4 ചെലവ് സംബന്ധിച്ച വൗച്ചറുകൾ യഥാസമയം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമിതികളിൽനിന്നും ശേഖരിക്കേണ്ടതാണ്. സെക്രട്ടറിമാർ ഒറിജിനൽ വൗച്ചറുകൾ പഞ്ചായത്ത്/നഗരസഭ/ കോർപ്പറേഷനുകളിൽ സൂക്ഷിക്കുകയും കമ്മിറ്റിയുടെ അംഗീകാരത്തോടെ ധനവിനിയോഗ സർട്ടിഫിക്കറ്റ് അതാത് ഏജൻസികൾക്ക് നൽകേണ്ടതുമാണ്.

13.5 ഫ്ലാറ്റുകളും, ഗേറ്റഡ് കോളനികളും സ്വന്തം നിലയ്ക്ക് ശാസ്ത്രീയമായ ജൈവമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കിയിട്ടുണ്ടെന്നും, അജൈവമാലിന്യം സർക്കാർ നിർദ്ദേശപ്രകാരമുള്ള കലണ്ടർ പ്രകാരം തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് നൽകുന്നുണ്ടെന്നും ഉറപ്പാക്കുക.

13.6 പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രതിവാര പുരോഗതി ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനിലെ ഓഫീസ് ബോർഡിൽ സെക്രട്ടറിമാർ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

13.6 മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിലെ സെക്രട്ടറിമാരുടെ ചുമതല സംബന്ധിച്ച സർക്കാർ ഉത്തരവ് ഉറപ്പായും പാലിക്കേണ്ടതാണ്.

**14. തദ്ദേശസ്വയംഭരണ സ്ഥാപനതല നോഡൽ ഓഫീസർ/നിർവ്വഹണ ചുമതല**

14.1 ശുചിത്വ - മാലിന്യസംസ്കരണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനായി ഒരുനോഡൽഓഫീസറെനിശ്ചയിക്കേണ്ടും, പ്രവർത്തനംസെക്രട്ടറിരണ്ടുദിവസത്തിലൊരിക്കൽറിവ്യൂചെയ്യേണ്ടതുമാണ്. എല്ലാമാസവുംനോഡൽ ഓഫീസർമാരുടെപ്രവർത്തനംജില്ലയിൽജോയിന്റ് ഡയറക്ടർ അവലോകനം ചെയ്യണം.

14.2 തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ചുമതലയുള്ള നോഡൽ ഓഫീസറുടെ പൂർണ്ണ ഉത്തരവാദിത്വത്തിൽ ജാഗ്രതാ പോർട്ടൽ, സ്വച്ഛ് ഭാരത് മിഷൻ - (അർബൻ) & (റൂറൽ) പോർട്ടൽ, ഹരിതമിത്രം ആപ് എന്നിവയിലേയ്ക്ക് കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കുകയും വേണം.

14.3 ഫ്ലാറ്റുകൾ, ഗേറ്റഡ് കോളനികൾ, വ്യാപാര സ്ഥാപനങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, സ്വന്തം നിലയിൽ ജൈവമാലിന്യം ശാസ്ത്രീയമായി ഉറവിടത്തിൽ സംസ്കരണം ഉറപ്പാക്കിയിട്ടുണ്ടെന്നും അജൈവമാലിന്യം സർക്കാർ മാർഗ്ഗരേഖ പ്രകാരം തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നുണ്ടെന്നും ഉറപ്പാക്കുക.

**15. ഡേറ്റാ ശേഖരണവും മാനേജ്മെന്റും**

15.1 വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം, മഴക്കാല പൂർവ്വ ശുചീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനും അവ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല ഇൻഫർമേഷൻ കേരള മിഷനായിരിക്കും. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തത്തക്ക രീതിയിൽ നിലവിലുള്ള ജാഗ്രതാ പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ വരുത്തേണ്ടതാണ്.
15.2 പഞ്ചായത്ത്- നഗരസഭകളിൽ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള ഡാറ്റാ എൻട്രി യഥാസമയം ചെയ്യുന്നുണ്ടെന്ന് ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

**16. പ്രോത്സാഹവും അംഗീകാരവും**

16.1 ശുചിത്വവും ശാസ്ത്രീയ മാലിന്യ സംസ്കരണവും ഉറപ്പാക്കുന്നതിൽ മനോഭാവവും ശീലവും മുഖ്യ ഘടകങ്ങളാണ്. ഇതിനായി ബഹുജന വിദ്യാഭ്യാസവും നിയമ നടപടികൾക്കുമൊപ്പം പ്രോത്സഹനവും അംഗീകാരവും പ്രധാന ഘടങ്ങളാണ്.
16.2 മികച്ച രീതിയിൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്ന വ്യാപാര സമുച്ചയങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, ഓഫീസുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങളും അംഗീകാരങ്ങളും നൽകി പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് പ്രചരണവും നൽകേണ്ടതാണ്.

**17. സാമ്പത്തിക വിശകലനം**

**a. ഫണ്ട് വരവ് ചെലവ് സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ**

17.1 ഫണ്ട് വിവിധ സ്രോതസുകളിൽനിന്ന് ഗ്രാമപഞ്ചായത്ത്/നഗരസഭ/ മുൻസിപ്പൽ കോർപ്പറേഷനുകൾ ലഭ്യമാക്കുന്നു.

17.2 ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് മഴക്കാലപൂർവ്വ ശുചീകരണത്തിന് വാർഡൊന്നിന് ചെലവഴിക്കാവുന്ന പരമാവധി തുക: രൂ.30000 (വാർഡൊന്നിന് ശുചിത്വമിഷൻ വിഹിതം 10,000/-, എൻ.എച്ച്.എം വിഹിതം 10,000/- തനത് ഫണ്ട് 10,000/-). മുൻസിപ്പൽ കോർപ്പറേഷനുകൾക്ക്

രൂ.40000/- (വാർഡൊന്നിന് ശുചിത്വമിഷൻ വിഹിതം 20,000/- എൻ.എച്ച്.എം 10,000/-, തനത് ഫണ്ട് 10,000/-)

17.3 ശുചിത്വമിഷന്റെ വിഹിതമായ 10,000/- രൂപ സർക്കാർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്ത്/നഗരസഭ (കോർപ്പറേഷനുകൾക്ക് 20000/- രൂപ) കൈമാറുന്നു. മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമായിരിക്കും തുക നൽകുന്നത്. കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അതു കിഴിവ് ചെയ്ത ശേഷമായിരിക്കും ഫണ്ട് നൽകുന്നത്. ഈ നിബന്ധന എൻ.എച്ച്.എം വിഹിതത്തിനും, തദ്ദേശ സ്വയംഭരണസ്ഥാപന വിഹിതത്തിനും ബാധകമായിരിക്കും. തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഡ് ശുചിത്വ സമിതിക്ക് കൈമാറുന്നു.

17.4 ശുചിത്വമിഷനിൽ നിന്ന് ഫണ്ട് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്ന പക്ഷം ടി വിഹിതം തനത്/പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതും ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് തിരികെ വകയിരുത്താവുന്നതുമാണ്.

17.5 ശുചിത്വമിഷനിൽനിന്നും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനത്തിന് ലഭിച്ച മുൻകൂർ തുക ഉൾപ്പെടെയുള്ള തുകകളുടെ ധനവിനിയോഗ സർട്ടീഫിക്കറ്റ് (നൽകാത്ത ഗ്രാമ/ നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ) 2023 മാർച്ച് 31ന് മുമ്പ് അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറിമാർ ജില്ലാ ശുചിത്വമിഷനെ ഏൽപ്പിക്കേണ്ടതാണ്.

17.6 വിവിധ സ്രോതസുകളിൽ നിന്നും ലഭിക്കുന്ന തുക വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷണ സമിതി അക്കൗണ്ടിൽ വരുത്തേണ്ടതും ലഭിക്കുന്ന സ്രോതസടി സ്ഥാനത്തിൽ പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിലാകണം വിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടത്.

17.7 വാർഡ് തല ശുചിത്വ സമിതി കൂടി വിശദമായ ചർച്ചകൾ നടത്തി മാത്രം വാർഡ്തല പ്രവർത്തന രേഖ തയ്യാറാക്കണം.

17.8 വാർഡ്തല ശുചിത്വ സമിതി തയ്യാറാക്കുന്ന പ്രവർത്തന രേഖയുടെ രണ്ട് കോപ്പികൾ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതിയുടെ അംഗീകാര ത്തിനായി സമർപ്പിക്കണം

17.9 വാർഡ്തല പ്രവർത്തന രേഖ പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ സമിതി പരിശോധിച്ചും, അനിവാര്യമായ ഭേദഗതികളുണ്ടെങ്കിൽ മാറ്റം വരുത്തിയ തിനുശേഷം കമ്മറ്റി അംഗീകരിക്കേണ്ടതുമാണ്.

17.10 പഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ കമ്മറ്റി അംഗീകരിച്ച പ്രവർത്തന രേഖയുടെ ഒരു കോപ്പി ബന്ധപ്പെട്ട കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതും രണ്ടാമത്തെ കോപ്പി അംഗീകാര രേഖകളോടെ വാർഡ് ശുചിത്വസമിതിയ്ക്ക് തിരിച്ചു നൽകേണ്ടതുമാണ്.

17.11 പ്രവർത്തനങ്ങളും ചെലവുകളും അംഗീകരിച്ച വാർഡ്തല പ്രവർത്തന രൂപരേഖയുടെ അടിസ്ഥാനത്തിലായിരിക്കണം.

17.12 ഇക്കാര്യത്തിലേയ്ക്ക് ലഭിക്കുന്ന തുക വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല ആയതിന്റെ ഉത്തരവാദിത്വം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്കായിരിക്കും.

17.13 വാർഡുതലത്തിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്ന തദ്ദേശസ്ഥാപന സന്നദ്ധ പ്രവർത്തകർക്ക് ലഘുഭക്ഷണ ചെലവുകൾ ഈ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

**18. ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം - ക്യാമ്പയിൻ നടത്തിപ്പ് സംബന്ധിച്ച ചെലവുകൾ**

• സംസ്ഥാന/ജില്ലാ/ബ്ലോക്ക്/തദ്ദേശസ്വയംഭരണ സ്ഥാപനതലം വരെ പരിശീലന ങ്ങൾക്കുൾപ്പെടെയുള്ള ചെലവ്, ഫണ്ട് ലഭ്യത അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപന തനത് ഫണ്ട്/ഹരിതകേരളം മിഷൻ/ ശുചിത്വമിഷൻ/ ആരോഗ്യവകുപ്പ്/ കില ചെലവഴിക്കേണ്ടതാണ്.

**19. അനുബന്ധ മിഷനുകളുടെ/സമിതികളുടെ ഉത്തരവാദിത്തം**

**19.1 ജില്ലാതല ഏകോപന സമിതി**

• ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും പ്രീമൺസൂൺ ശുചീകരണ പരിപാടിയും വൃത്തിയുള്ള കേരളം — വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിൻ സംയോജിപ്പിച്ച് പ്രവർത്തനപരിപാടി തയ്യാറാക്കിയെന്ന് ഉറപ്പാക്കണം
• മാസത്തിൽ രണ്ട് തവണ വീതം ജില്ലാതല ഏകോപന സമിതി യോഗം ചേർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതാണ്
• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തേണ്ടതും പുരോഗതി വിലയിരുത്തേണ്ടതുമാണ്
• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വിവിധ വകുപ്പുകൾ/ഏജൻസികൾ/മിഷനുകളുടെ പിന്തുണ ലഭ്യത ഉറപ്പാക്കേണ്ട ചുമതല ഏകോപന സമിതിയ്ക്കായിരിക്കും
• കക്കൂസ് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്യാമ്പയിൻ, എഫ്.എസ്.ടി.പി നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതിയും ഏകോപന സമിതി പ്രത്യേക പ്രാധാന്യം നൽകി നിർവ്വഹണ പുരോഗതി ഉറപ്പാക്കേണ്ടതാണ്.

**19.2 ഹരിതകേരളം മിഷൻ**

o ജില്ലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ/ഏജൻസികളുടെ ഏകോപനം
o മാലിന്യസംസ്കരണ സംവിധാനങ്ങളുടെ ജനകീയ വിലയിരുത്തൽ

o ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ
o ഉറവിട മാലിന്യ സംസ്കരണം സംബന്ധിച്ച പ്രചരണ പരിപാടി

**19.3 ശുചിത്വമിഷൻ**

o ജില്ലാടിസ്ഥാനത്തിലുള്ള ഏകോപനം
o ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും നൽകേണ്ട മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർക്കാരിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി അനുവദിച്ച് നൽകുക.

o സംസ്ഥാന/ജില്ലാ/തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശീലന പരിപാടി കൾക്ക് കിലയുടെ സഹായത്തോടെ സംഘടിപ്പിക്കുക

ഠഗ്രീൻപ്രോട്ടോക്കോൾ പ്രചാരണം

ഠ തീവ്ര വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ

ഠജില്ലാ എൻഫോഴ്സ്മെന്റ് ടീമിന്റെ പ്രവർത്തന ഏകോപനം

ഠ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഏജൻസികളുടെ സേവനം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കൽ

ഠ അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഏജൻസികളുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാസമയം ലഭ്യമാകും എന്നുറപ്പാക്കൽ

**19.4 ക്ലീൻകേരള കമ്പനി**

ഠ കൃത്യമായ ഇടവേളകളിൽ അജൈവ മാലിന്യ ശേഖരണം, നീക്കം ചെയ്യൽ, (എം.സി.എഫിൽ നിന്നും ആർ.ആർ.എഫ് ലേയ്ക്കും, തുടർന്ന് പുന:ചംക്രമണത്തിനും), പുന:ചംക്രമണം

ഠ പ്രത്യേക ശേഖരണ ഡ്രൈവുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അനുബന്ധ ഏജൻസികളുടേയും സഹകരണത്തിൽ നടത്തി പരമാവധി പാഴ് വസ്തുക്കളും ഇ-മാലിന്യങ്ങളും നീക്കം ചെയ്യൽ

**19.5 കുടുംബശ്രീ മിഷൻ**

- മാലിന്യമുക്ത അയൽക്കൂട്ട കുടുംബ പരിസരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തന പരിപാടി ആവിഷ്ക്കരിച്ച് നടപ്പിലാക്കുക

- കുടുംബശ്രീ ബാലസഭകളുടെ നേതൃത്വത്തിൽ പ്രത്യേക ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടത്തുക

- കക്കൂസ് മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ പ്രാധാന്യം അയൽക്കൂട്ട കുടുംബങ്ങളിൽ എത്തിക്കുന്നതിനുള്ള വിദ്യാഭ്യാസ പരിപാടിയും ക്യാമ്പയിനും സംഘടിപ്പിക്കുക

- കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങൾ പകർച്ചവ്യാധി സാധ്യമായ സാഹചര്യം ഒഴിവാക്കപ്പെട്ട വീടുകളായി മാറിയെന്ന് അയൽക്കൂട്ട സെക്രട്ടറിയും പ്രസിഡന്റും ഉറപ്പാക്കണം. ആയതിന് എ.ഡി.എസ്/ സി.ഡി.എസ്. കമ്മിറ്റികൾ നേതൃത്വം നൽകുകയും വിലയിരുത്തുകയും ചെയ്യണം

- തുണിസഞ്ചി വിതരണം, ഗ്രീൻപ്രോട്ടോക്കോൾ പാലനത്തിനുള്ള സംരംഭങ്ങൾ,ബദൽ ഉല്പന്നങ്ങളുടെ പ്രദർശനവും വിൽപനയും, ബദൽ ഉല്പന്നയൂണിറ്റുകൾ ആരംഭിക്കൽ എന്നിവയിലൂടെ തൊഴിൽ സാധ്യത പ്രോത്സാഹിപ്പിക്കുക

- കുടുംബശ്രീ മിഷൻ, ത്രിതല സംഘടനാ സംവിധാനം, സംരംഭങ്ങൾ എന്നിവയുടെ ഓഫീസുകളിലും വിവിധ പരിപാടികളിലും കർശനമായി ഗ്രീൻപ്രോട്ടോക്കോൾ ഉറപ്പാക്കുക.

- കുടുംബശ്രീ കുടുംബങ്ങൾ അജൈവമാലിന്യം ഉറവിടത്തിൽ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നുവെന്ന് ഉറപ്പാക്കുക. മുഴുവൻ കുടുംബശ്രീ കുടുംബങ്ങളിലും ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കാൻ സംവിധാനം ഉണ്ടെന്ന് എ.ഡി.എസ്, സി.ഡി.എസ് വഴി ഉറപ്പാക്കുക

- അയൽക്കൂട്ട കുടുംബങ്ങളിൽ എല്ലാ ഞായറാഴ്ചയും ഡ്രൈഡേ ആചരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

- ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ എല്ലാ സാമൂഹ്യ പിന്തുണയും  പ്രോത്സാഹനവും നൽകുന്നതിന് ത്രിതല സംഘടനാ സംവിധാനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

**19.6 കില**

- സംസ്ഥാനതലം മുതൽ തദ്ദേശസ്ഥാപനതലം വരെയുള്ള പരിശീലനം ലഭ്യമാക്കൽ

**19.7 ഇൻഫർമേഷൻ കേരള മിഷൻ**

- ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സ്ഥിതി വിവരക്കണക്കുകളുടെ സമാഹരണത്തിനായി നിലവിലുള്ള ജാഗ്രതാ പോർട്ടൽ, ഹരിതമിത്രം ആപ്പ് എന്നിവയുടെ പൂർണ്ണ ചുമതല ഐ.കെ.എം-നായിരിക്കും

- മഴക്കാല പൂർവ്വ ശുചീകരണം, വൃത്തിയുള്ള കേരളം-വലിച്ചെറിയൽ മുക്ത കേരളം - ഇവയുടെ പ്രവർത്തന പുരോഗതി രേഖപ്പെടുത്താൻ കഴിയുന്ന തരത്തിൽ നിലവിലുള്ള ജാഗ്രതാ പോർട്ടൽ നവീകരിക്കേണ്ടതാണ്.

- ഹരിത മിത്രം ആപ്പ് ഉപയോഗിച്ച് മാലിന്യ സംസ്കരണ പ്രവർത്തനം മോണിട്ടർ ചെയ്യുന്ന തദ്ദേശ സ്ഥാപനങ്ങളിൽ അവ കൈകാര്യം ചെയ്യുന്നതിനും ഡാറ്റാ എൻട്രി നടത്തുന്നതിനും പഞ്ചായത്ത്/നഗരസഭാ തല ടെക്നിക്കൽ അസിസ്റ്റന്റുമാരെ സജ്ജമാക്കേണ്ടതാണ്.

- ഐ.കെ.എം ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ്മാർ എന്നിവർക്ക് ശുചിത്വ – മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിലവിലുള്ള പോർട്ടൽ, ഹരിതമിത്രം ആപ്പ് എന്നിവ സംബന്ധിച്ച ചുമതലകൾ നിശ്ചയിച്ച് നൽകേണ്ടതാണ്.

- ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ യഥാസമയം വകുപ്പ് അധ്യക്ഷർക്കും സർക്കാരിലേക്കും ലഭ്യമാക്കേണ്ടതാണ്.

**19.8 തൊഴിലുറപ്പ് മിഷനുകൾ**

- മിനി എം.സി.എഫുകൾ, സോക്കേജ് പിറ്റുകൾ, കമ്പോസ്റ്റിംഗ് യൂണിറ്റുകൾ എന്നിവയുടെ നിർമ്മാണം

- തൊഴിലുറപ്പ് തൊഴിലാളികൾ വഴി ബോധവൽക്കരണം

**20. വിവിധ വകുപ്പുകളുടെ ഉത്തരവാദിത്തങ്ങൾ**

മാലിന്യ സംസ്കരണം, കൊതുക് നിവാരണം, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിൽ ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, കൃഷി വകുപ്പ്, സാമൂഹിക നീതി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പൊതുമരാമത്ത്, ഇറിഗേഷൻ വകുപ്പ്, ജല അതോറിറ്റി, ജലവിഭവ വകുപ്പ്, തൊഴിൽ വകുപ്പ്, ഫിഷറീസ് വകുപ്പ്, പോലീസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പിലെ വിവിധ സ്ഥാപനങ്ങൾ/ ഏജൻസികൾ/മിഷനുകളും ബന്ധപ്പെട്ട ഘടകസ്ഥാപനങ്ങളിലും മാലിന്യം

ശാസ്ത്രീയമായി സംസ്കരിക്കുന്നുണ്ടെന്നും വൃത്തിയുള്ള ഓഫീസുകൾ ആണെന്നുറപ്പാക്കേണ്ടതും, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്നും, കൊതുക് വളരുന്ന സാഹചര്യം ഒഴിവാക്കിയിട്ടുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഇതിലേയ്ക്കായി തദ്ദേശസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളിൽ ആവശ്യമായ എല്ലാ പിന്തുണയും പങ്കാളിത്തവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഇതിലേയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ശുചിത്വമിഷൻ/ ഹരിതകേരളം മിഷൻ/ജില്ലാ ഏകോപന സമിതി വിളിക്കുന്ന യോഗങ്ങളിൽ വകുപ്പുകൾ/ഏജൻസികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

**21. മോണിറ്ററിംഗ്**

- ജില്ലാതല കോർകമ്മിറ്റി യോഗം 1 5 ദിവസത്തിലൊരിക്കൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. ജില്ലാ വികസന സമിതിയും, ജില്ലാ ആസൂത്രണ സമിതിയും ഊർജ്ജിത രോഗ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.പുറപ്പെടുവിക്കുന്ന മാർഗ്ഗനിർ ദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ജില്ലാതല ഏകോപന സമിതി നിരന്തരമായ അവലോകന യോഗങ്ങളിലൂടെ ഉറപ്പാക്കേണ്ടതാണ്.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും സംഘാടക സമിതിയുടെ യോഗം രണ്ടാഴ്ചയിലൊരിക്കൽചേരണം.
- വാർഡ്തല പ്രവർത്തനങ്ങൾ ഓരോ ആഴ്ചയിലും വാർഡ്തല ആരോഗ്യ-ശുചിത്വ-പോഷണ സമിതി അവലോകനം ചെയ്യേണ്ടതാണ്.

**22. ഡോക്യുമെന്റേഷൻ**

മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളുടേയും ഫോട്ടോകൾ ഉൾപ്പെടുത്തിയ റിപ്പോർട്ടുകൾ വാർഡ് തലത്തിൽ ശേഖരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഡോക്യുമെന്റ് ചെയ്യേണ്ടതാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, LSGD, സ്വരാജ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ (Urban), LSGD, തിരുവനന്തപുരം
ഡയറക്ടർ (Rural), LSGD, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും(ശുചിത്വ മിഷൻ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ,ക്ലീൻ കേരള കമ്പനി ലിമിറ്റഡ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ(I&PRD),വെബ് & മീഡിയ

അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള,തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Prasanth C

Date: 09-03-2023 10:01:10

സെക്ഷൻ ഓഫീസർ.

പകർപ്പ്

ബഹു തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് നു

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ

തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്